# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴവിലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: /200/2023 നം.കെ.എസ്.എ./റ്റി.വി.എം/റ്റി.പി.12

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴവിലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: /200/2023 നം.കെ.എസ്.എ./റ്റി.വി.എം/റ്റി.പി.12 തീയ്യതി: 18/03/2023

## തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 22-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ .കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 23-01-2023 | 31-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-01-2023 | 31-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ലേഖ.എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അമലദേവ്, ഓഡിറ്റർ
ശ്രീമതി മിനിമോൾ.എസ്. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. മനോന്മണി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. സ്റ്റാർലി.ഒ.എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രവീന്ദ്രൻപിള്ള.ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. ജയലക്ഷ്മി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ആശാരാജ് | വി.ഇ.ഒ. സർക്കിൾ 1 | 01-04-2021 | 31-03-2022 |
| ശ്രീ.ബിനു പ്രസാദ് | വി.ഇ.ഒ. സർക്കിൾ 2 | 01-04-2021 | 18-01-2022 |
| ശ്രീമതി. സുപ്രിയ | വി.ഇ.ഒ. സർക്കിൾ 2 | 19-01-2022 | 31-03-2022 |
| ശ്രീമതി. അഭിത.ജി | കൃഷി ഓഫീസർ | 01-04-2021 | 12-10-2021 |
| ശ്രീ.ഹാറൂൺ.ഐ | കൃഷി ഓഫീസർ | 12-10-2021 | 31-03-2022 |
| ശ്രീമതി. ബേബി സജിനി രാഹുൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 12-11-2021 |
| ശ്രീമതി. ശ്രീജാകുമാരി.എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 22-11-2021 | 31-03-2022 |
| ശ്രീ. സതീഷ് കുമാർ.എസ് | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ.ദീപാ രവി | മെഡിക്കൽ ഓഫീസർ (പി.എച്ച്സി) | 01-04-2021 | 31-03-2022 |
| ഡോ. രമ്യാദത്ത് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.മിനി. എ.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ. പ്രഭുലാൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ. സി.ജെ. ജിജിഭായ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക -അപാകതകൾ | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്ഷേമ പദ്ധതികൾ | 1-5 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി | 1-5-1 |
| 8 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റി. | 1-5-2 |
| 9 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-6 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 13 | തൊഴിലുറപ്പ് പദ്ധതി -അപാകങ്ങൾ | 1-9-1 |
| 14 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | 1-10 |
| 15 | വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിൽ കൂടുതൽ ജാഗ്രത വേണം | 1-11 |
| 16 | സാക്ഷരതാ പ്രേരകിന് അനുവദിച്ച ഓണറേറിയം തുക തിരികെ ലഭിച്ചിട്ടില്ല | 1-12 |
| 17 | വസ്തു നികുതി - വിവിധ അപാകങ്ങൾ | 1-13 |
| 18 | എല്ലാ കെട്ടിടങ്ങളും സഞ്ചയയിൽ അസസ് ചെയ്യുന്നില്ല | 1-13-1 |
| 19 | എല്ലാ കെട്ടിടങ്ങളുടെയും ഡേറ്റാ എൻട്രി പൂർത്തിയാക്കിയിട്ടില്ല | 1-13-2 |
| 20 | കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം നടത്തി ഡിമാന്റ് ചെയ്തിട്ടില്ല | 1-13-3 |
| 21 | 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത | 1-13-4 |
| 22 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണ്ണയവും - ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ | 1-13-5 |
| 23 | വനിതാ വികസന കേന്ദ്രം ലൈബ്രറി - സ്റ്റോക്കിലുള്ള പുസ്തകങ്ങൾ നഷ്ടപ്പെട്ടു - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-14 |
| 24 | തൊഴിൽ നികുതി - അപാകങ്ങൾ | 1-15 |
| 25 | ഓഡിറ്റോറിയം, ഹാൾ - സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല | 1-15-2 |
| 26 | കുടിവെള്ള കണക്ഷൻ ലഭിച്ചതിന്റെ രേഖയില്ലാതെ ആനുകൂല്യം അനുവദിച്ചിരിക്കുന്നു | 1-16 |

| | | |
|---|---|---|
| 27 | പാഥേയം പദ്ധതി - 29200/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-17 |
| 28 | വിതരണ സ്റ്റേറ്റ്മെന്റിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല | 1-18 |
| 29 | സമഗ്രനെൽകൃഷി വികസനം പ്രോജക്ട് അപാകതകൾ | 1-19 |
| 30 | പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-20 |
| 31 | പത്രങ്ങൾ ഈടാക്കുന്ന വാണിജ്യ പരസ്യ നിരക്ക് സർക്കാർ ഉത്തരവുപ്രകാരമുള്ള നിരക്കുമായി പൊരുത്തപ്പെടുന്നില്ല | 1-21 |
| 32 | വെള്ളക്കരം - ബില്ലുകളിൽ പൊരുത്തക്കേട് | 1-22 |
| 33 | ലൈഫ് ഭവന പദ്ധതി - ഒന്നാം ഗഡു കൈപ്പറ്റിയശേഷം ഇതുവരെ വീട് പണി ആരംഭിച്ചിട്ടില്ല | 1-23 |
| 34 | ദുരിതാശ്വാസനിധി - തുക സമാഹരിക്കുന്നതിലും വിനിയോഗത്തിലും കൂടുതൽ ശ്രദ്ധ ആവശ്യം | 1-24 |
| 35 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 6,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 36 | അങ്കണവാടി - ഭൗതികസാഹചര്യം അവലോകനം | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 22.02.2021 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതി അംഗീകരിച്ചു.

ബജറ്റ് വിവരങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,34,75,721.40 രൂപ |
| വരവ് | 44,48,45,500 രൂപ |
| ആകെ | 45,83,21,221.40 രൂപ |
| ചെലവ് | 44,47,82,000 രൂപ |
| നീക്കിയിരിപ്പ് | 1,35,39,221.40 രൂപ |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 24.3.2022 ലെ I(1)-ാം നമ്പർ തീരുമാനപ്രകാരം പരിഷ്കരിച്ച ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. 2021-22 ലെ പുതുക്കിയ ബജറ്റിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,34,75,721.40 രൂപ |
| വരവ് | 42,11,69,026/- രൂപ |
| ആകെ | 43,46,44,747.40 രൂപ |
| ചെലവ് | 42,88,80,467/- രൂപ |
| നീക്കിയിരിപ്പ് | 57,64,280.40 രൂപ |

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 06.07.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-2-1 വാർഷിക ധനകാര്യ പത്രിക -അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകളും പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.1/25.01.2023, 23/30.01.23, 25/31.01.23, 31/01.02.23, 39/02.02.23 എന്നിവയും 1/25.01.2023, 23/30.01.23, 25/31.01.23 എന്നിവയ്ക്ക് ലഭിച്ച മറുപടിയും ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. അവ നിലവിലെ അക്കൗണ്ട് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ലായെന്നും ഡിപ്പാർട്ട്മെന്റ് തലത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

3. 2020-21 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ 430100101-Opening Stock-

Stores, 430100101-Closing Stock-Stores എന്നീ ഹെഡ്ഡുകൾ ഉൾപ്പെടുത്തിയിട്ടില്ല. തുക രേഖപ്പെടുത്തുന്നതിന് നിലവിൽ ILGMS സോഫ്റ്റ്‌വെയറിൽ സംവിധാനം ഇല്ലാത്തതിനാലാണ് ഉൾപ്പെടുത്താത്തത് എന്നറിയിച്ചിരിക്കുന്നു.

4. ഗ്രാമപഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Asset- കളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. കൂടാതെ ലഭ്യമാക്കിയ 2021-22 വർഷത്തെ ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റിലും പ്രസ്തുത Fixed Asset- കൾ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | ഹെഡ് നം. | ഇനം |
|---|---|---|
| 1 | 416100102 | Accumulated Depreciation-Roads And Bridges |
| 2 | 416100104 | Accumulated Depreciation -Waterways |
| 3 | 416100105 | Accumulated Depreciation -Public Lighting |

വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

5. 2020-21, 2021-22 വർഷങ്ങളിലെ ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ Assets Under Disposal (ഹെഡ് നം. 410900101) ഇനത്തിൽ 98475/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുക 2020-21 ബാലൻസ് ഷീറ്റിലെ 410710199 ഹെഡ്ഡിലുൾപ്പെട്ടതും ILGMS ൽ പ്രസ്തുത ഹെഡ്ഡ് ഇല്ലാത്തതിനാൽ 410900101 ൽ ഉൾപ്പെടുത്തിയതാണെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

6. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 2708491/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ടി തുക ജൽജീവൻ മിഷൻ പ്രോജക്ട് പ്രകാരം പിരിച്ചെടുത്തതാണെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് ടി തുക ചെലവഴിക്കുന്നതാണെന്നും മറുപടി നൽകിയിരിക്കുന്നു. തുക അടവാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുക സർക്കാരിലേക്ക് ഒടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 350300199 | Government And Other Dues Payable – Others | 142748 |

മേൽ തുകയിൽ ഉൾപ്പെട്ട 141750/- രൂപ 2017-18 വർഷം ലഭിച്ചതാണെന്നും ടി തുകയും ബാക്കിയുള്ള ഫോറസ്റ്റ് സെസ്സ് തുകയായ 998/- രൂപയും തിരികെ ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ 2017-18 ൽ ലഭിച്ച തുക നാളിതുവരെ ഒടുക്കു വരുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ചുവടെ പറയുന്ന ഹെഡ്ഡുകളിൽ ഉൾപ്പെടുന്ന തുകകൾ 2020-21 വർഷം മുതൽ നീക്കിയിരിപ്പുള്ളവയാണ്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| കോഡ് | ഇനം | തുക |
|---|---|---|
| 350409901 | Recoveries Payable – Others | 214453 |

മേൽ തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ തിരികെ അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. 2014-15 മുതൽ ലഭിച്ച തുക നാളിതുവരെ ഒടുക്കുവരുത്താതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

8. 2020-21, 2021-22 വർഷങ്ങളിലെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ Other Creditors (ഹെഡ് നം. 350800199) ഇനത്തിൽ 10000/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. ടി തുക അസിസ്റ്റന്റ് എഞ്ചിനിയർക്ക് അഡ്വാൻസ് നൽകിയ തുകയാണെന്ന് അറിയിച്ചിരിക്കുന്നു. മേൽ തുക ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

9. ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്റർ പൂർണമല്ല. എല്ലാ അഡ്വാൻസ് ഇനങ്ങളും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. NREGS ന് നൽകുന്ന അഡ്വാൻസ് വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്റർ പൂർത്തിയാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

10. 2020-21, 2021-22 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂളുകൾ പ്രകാരം ചുവടെ പറയുന്ന ഹെഡ്ഡിലെ തുക അതു പോലെ തന്നെ നിലനിൽക്കുന്നതായി കാണുന്നു.

| കോഡ് | ഇനം | തുക |
|---|---|---|
| 460100199 | Other Advances | 343322 |

മേൽ തുകയിൽ 207222/- രൂപ കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് അനുവദിച്ചതാണെന്നും സർക്കാരിൽ നിന്നും തുക ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ബാക്കി തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് തുകകൾ മുഴുവൻ ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കൂടാതെ 2021-22 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന അഡ്വാൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

| കോഡ് | ഇനം | തുക |
|---|---|---|
| 460500501 | Advance To Implementing Officers | 458051 |
| 460500399 | Advance To Other Authorised Agencies | 10300 |
| 460500801 | Advance To NREGS | 1273153 |

458051/- രൂപയിൽ 452981/- രൂപ കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് അനുവദിച്ചതാണെന്നും സർക്കാരിൽ നിന്നും തുക ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ബാക്കി തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. കൂടാതെ 10300/- രൂപ ഡിസാസ്റ്റർ മാനേജ്മെന്റ് ചെലവിനായി അനുവദിച്ച തുക കിലയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും 1273153/- രൂപയിൽ 894849/- രൂപ റീകൂപ്പ് ചെയ്തതാണെന്നും ബാക്കി തുക ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. അഡ്വാൻസ് തുകകൾ മുഴുവൻ ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

11. വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം സംയുക്ത പ്രോജക്ടുകളുടെ വിശാദാംശം ചുവടെ ചേർക്കുന്നു.

| | 2020-21 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP – 7, RP 30 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3283835 | 2105129 | 5388964 | 2085129 | 3303835 | 3220315 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1542720 | 1120061 | 2662781 | 1100061 | 1562720 | 1542720 |

വ്യത്യാസം ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

12. RP –30 - 320700101 ഹെഡ്ഡിൽ സംയുക്ത പ്രോജക്ടുകൾക്കായി 16,00,000/- രൂപ മുനിസിപ്പാലിറ്റികളിൽ നിന്നും വരവ് വന്നിട്ടുണ്ട്. എന്നാൽ B4 ഷെഡ്യൂൾ പ്രകാരം പ്രസ്തുത തുക നീക്കിയിരിപ്പായി അവശേഷിക്കുന്നു. പദ്ധതി പൂർത്തീകരിച്ച് വരുന്നതായി മറുപടി നൽകിയിരിക്കുന്നു. പദ്ധതികളുടെയും ചെലവിന്റേയും വിശദാംശങ്ങളും, തുക ക്രമീകരിച്ച് വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

13. വാർഷിക ധനകാര്യ പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്ക് ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്.

| സ്ഥാപനം | 2020-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| കേരള വാട്ടർ അതോറിറ്റി | 1947439 | 2969108 |
| കെ.എസ്.ഇ.ബി | 1744954 | 2974962 |

കേരള വാട്ടർ അതോറിറ്റി, കെഎസ്ഇബി എന്നിവയ്ക്ക് അനുവദിച്ചിരുന്നതും വിനിയോഗ സാക്ഷ്യപത്രം

ലഭിച്ചിട്ടില്ലാത്തതിനാൽ 2020-21 വർഷത്തെ B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിരുന്നതുമായ തുകകളിൽ 2021-22 ൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചവയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

14. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 199/22-കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയുടെ ഭാഗമായി 361000/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തി ലെഡ്ജറിന്റെ കോപ്പി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

15. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 31/22-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 124/22-സ്ട്രീറ്റ്ലൈൻ നീട്ടൽ പദ്ധതികളുടെ ഭാഗമായി ആകെ 123008/- രൂപ കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തി ലെഡ്ജറിന്റെ കോപ്പി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

16. 2020-21 സാമ്പത്തിക വർഷത്തെ B-7, 2021-22 സാമ്പത്തിക വർഷത്തെ RP-33(വരവ്), RP-33(ചെലവ്), B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 3 വർഷ കാലാവധി കഴിഞ്ഞ തുക |
|---|---|---|---|---|---|---|
| 1 | Suppliers EMD | 55900 | 7500 | 7500 | 55900 | 13400 |
| 2 | Suppliers Security Deposit | 41500 | 6984 | 0 | 48484 | 1500 |
| 3 | Bidders Security Deposit | 21000 | 0 | 0 | 21000 | വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല |
| 4 | Election Deposit | 93500 | 0 | 1000 | 92500 | വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല |
| 5 | Other Deposits | 78081 | 0 | 0 | 78081 | വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല |
| 6 | Rent Deposit | 30612 | 0 | 0 | 30612 | 30612 |

* Other Deposits ഇനത്തിൽ നീക്കിയിരിപ്പുള്ള 78081/- രൂപ ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമല്ല.

പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണമല്ല. കാലാവധി കഴിഞ്ഞ പല ഡെപ്പോസിറ്റ് തുകകളുടെ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

17. ഡിസിബി പത്രികയിലെ വിവരങ്ങൾ അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വ്യത്യാസം | |
|---|---|---|---|
| | | ഡിസിബി സ്റ്റേറ്റ്മെന്റ് | വാർഷിക ധനകാര്യ പത്രിക |
| 1 | Rent From Building Arrear | ഡിമാന്റ് - 23808 | ഡിമാന്റ് - 32664 |
| | | കളക്ഷൻ - 0 | കളക്ഷൻ - 0 |
| | | ബാലൻസ് - 23808 | ബാലൻസ് - 23808 |
| 2 | Receipt From Usufructs Of Trees | കളക്ഷൻ - 24300 | കളക്ഷൻ -22300 |

കൂടാതെ 2021-22 വർഷത്തെ Property Tax Non Residential (Current) 2020-21 വർഷം Advance Collection ആയി ലഭിച്ചത് ഡിസിബിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

18. വാർഷിക ധനകാര്യപത്രിക പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺറോഡ് ഉപയോഗിച്ച് 548420/- രൂപയും ആസ്തി രൂപീകരണത്തിനായി ചെലവഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ഫണ്ട് | RP-7 | I-6 | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 5920893 | 5158871 | 762022 |

19. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി 2021 മാർച്ച് ലെ

ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

20. ഇൻഡ്യൻ ഓവർസീസ് ബാങ്ക് തനത് ഫണ്ട് (അക്കൗണ്ട് നം. 102601000060534) അക്കൗണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഇഷ്യൂ ചെയ്ത് 3 മാസത്തിനകം ബാങ്കിൽ സമർപ്പിച്ച് പണമാക്കാത്ത ആകെ 4502/- രൂപ Stale Cheque ആയി മാറ്റിയിട്ടില്ല.

21. എസ്.ബി.ഐ തനത് ഫണ്ട് (അക്കൗണ്ട് നം. 37175749820) അക്കൗണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഇഷ്യൂ ചെയ്ത് 3 മാസത്തിനകം ബാങ്കിൽ സമർപ്പിച്ച് പണമാക്കാത്ത ആകെ 365415/- രൂപയും Stale Cheque ആയി മാറ്റിയിട്ടില്ല.

22. ബാലൻസ് ഷീറ്റിൽ ബി-9 ഷെഡ്യൂളിൽ 350800101-Liability In Respect Of Stale Cheque എന്ന ഹെഡ്ഡിൽ 2020-21 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയായ 7567/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

23. 2021-22 ലെ പാർട്ട് ബില്ലുകളുടെ റിപ്പോർട്ട് പ്രകാരം Capital Work In Progress 6369175/- രൂപയാണ്. എന്നാൽ എ.എഫ്.എസ് B11(b) ഷെഡ്യൂളിൽ 375514/- രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

24. വളർത്തു നായ്ക്കളുടെ ലൈസൻസ് രജിസ്റ്റർ പ്രകാരം ടി ഇനത്തിൽ 2020-21 വർഷം 160/- രൂപയുടെ വരവാണ് ഉള്ളത്. എന്നാൽ വാർഷിക കണക്കിൽ 140110109 ഹെഡ്ഡിൽ 220/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു.

25. വാർഷിക ധനകാര്യ പത്രിക, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് പാസ് ബുക്ക് എന്നിവ ഒത്തുനോക്കി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | 31.03.22 ലെ നീക്കിയിരിപ്പ് | | |
|---|---|---|---|---|
| | | വാർഷിക ധനകാര്യ പത്രിക പ്രകാരം | ബാങ്ക് ബുക്ക് പ്രകാരം | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പ് |
| 1 | 37175749820 | 1527258 | 1527258 | 1397351 |

26. MGNRES ന്റെ ക്യാഷ് ബുക്ക് പ്രകാരം 2021-22 വർഷത്തെ വരവ് ചെലവ് തുക 51245940/- രൂപയാണ്. എന്നാൽ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക I-6 പ്രകാരമുള്ള വരവ് തുക, I-14(C), I-14(F) എന്നിവ പ്രകാരമുള്ള ആകെ ചെലവ് തുക എന്നിവ 51146007/- രൂപയാണ്. കമ്പ്യൂട്ടർ പർച്ചേസുമായി ബന്ധപ്പെട്ട തുക (99933/- രൂപ) ഇൻകം & എക്സ്പെൻഡിച്ചറിൽ ഉൾപ്പെട്ടിട്ടില്ല. ഇഎഫ് എംഎസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക 55617000/- യാണ്. അത് വാർഷിക ധനകാര്യപത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെടുത്തി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16018897 | 16018897 | 17713000 | -1694103 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 12954005 | 12954005 | 12123382 | 830623 |
| വികസനഫണ്ട് (CFC Tied) | 0 | 12298455 | 12298455 | 3262682 | 9035773 |
| വികസനഫണ്ട് (CFC Untied) | 0 | 4570308 | 4570308 | 2630693 | 1939615 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 22963233 | 22963233 | 12764142 | 10199091 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 7578648 | 7578648 | 5920893 | 1657755 |

വികസന ഫണ്ട് ജനറൽ ന്റെ നീക്കിയിരിപ്പ് നെഗറ്റീവ് (-1694103) ആയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

1. വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Expenditure |
|---|---|---|

| | | |
|---|---|---|
| Development Fund (General) | Grant Statement | 17713000 |
| | ACR | 15619136 |
| | Accounts | 14873667 |
| Development Fund (SCP) | Grant Statement | 12123382 |
| | ACR | 11372715 |
| | Accounts | 11272715 |
| Maintenance Fund (Non Road) | Grant Statement | 5920893 |
| | ACR | 5949317 |
| | Accounts | 5920893 |
| Maintenance Fund (Road) | Grant Statement | 12764142 |
| | ACR | 14154601 |
| | Accounts | 12764142 |

ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതത്തിന്റെ നീക്കിയിരിപ്പ് നെഗറ്റീവ് ബാലൻസ് (-1694103) ആണ്.

2. വാർഷിക ധനകാര്യ പത്രിക ബി 4 ഷെഡ്യൂൾ പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ആകെ നീക്കിയിരിപ്പ് തുക 8631560/- രൂപയാണ്. എന്നാൽ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 07520100129l) നീക്കിയിരിപ്പ് 5767148/- രൂപയാണ്.

3. ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 15879160 | 10652090 | 67.08 |
| | പട്ടികജാതി | 1582000 | 1322800 | 83.61 |
| സേവനം | പൊതുവിഭാഗം | 56289770 | 24137988 | 42.88 |
| | പട്ടിക ജാതി | 35112602 | 10575121 | 30.12 |
| പശ്ചാത്തലം | പൊതുവിഭാഗം | 36683230 | 17109906 | 46.64 |
| | പട്ടിക ജാതി | 3400000 | 1492442 | 43.89 |

4. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി. 29.01.2018) ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാൻ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച ആകെ 13613734/- രൂപയിൽ 12123382/- രൂപയാണ് ചെലവഴിച്ചത്. 11% തുക ചെലവഴിക്കാതെ പാഴായിരിക്കുന്നു.

5. 2021-22 വർഷം ചുവടെ പറയുന്ന പ്രോജക്ടുകൾക്കായി വകയിരുത്തിയിരുന്ന എസ്.സി.പി ഫണ്ട് തൻവർഷം ചെലവഴിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. | അടങ്കൽ (എസ്.സി.പി ഫണ്ട്) | നിർവഹണോദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 66/22 | 600000 | അസി.എഞ്ചിനീയർ |
| 2 | 51/22 | 200000 | അസി.എഞ്ചിനീയർ |

6. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന.,

24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | 320700105 | 705000 |
| 2 | 320700205 | 837730 |
| 3 | 320700404 | 440142 |

7. 2021-22 ലെ വാർഷിക ധനകാര്യപത്രികയിലെ ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | 320300103 | 35925 |
| 2 | 320400199 | 11450 |
| 3 | 320100162 | 1240000 |
| 4 | 320100199 | 10750 |
| 5 | 320200101 | 212251 |
| 6 | 320200205 | 12000 |
| 7 | 320700105 | 705000 |
| 8 | 320700205 | 837720 |
| 9 | 320700404 | 440142 |

2021-22 വർഷത്തെ ബി-4 ഷെഡ്യൂൾ പ്രകാരം ഹെഡ് നം. 320100197 ൽ 54870/- രൂപ നീക്കിയിരിപ്പുണ്ട്. ടി തുക 2020-21 വർഷത്തെ നീക്കിയിരിപ്പ് തുകയായ 53234/- രൂപ ഉൾപ്പെടെയുള്ള തുകയാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 20/30.01.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗരേഖ പ്രകാരവും സർക്കാർ ഉത്തരവുകൾ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി തുക വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

എ) പ്രോജക്ട് നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 6 | 6 | 0 | 100 | 4029160 | 3945160 | 97.9 |
| Ii | വെറ്റിനറി സർജൻ | 4 | 4 | 0 | 100 | 3365000 | 1712800 | 50.9 |
| Iii | മെഡിക്കൽ ഓഫീസർ – PHC | 4 | 4 | 0 | 100 | 3634275 | 3550122 | 97.7 |
| Iv | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 0 | 100 | 150000 | 150000 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 4 | 4 | 0 | 100 | 1400000 | 1399370 | 99.9 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 14 | 13 | 1 | 92.9 | 31830202 | 5416120 | 17 |
| Vii | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 8 | 7 | 1 | 87.5 | 19175001 | 4175500 | 21.8 |
| Viii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 0 | 100 | 5362117 | 5145445 | 95.9 |
| Ix | സെക്രട്ടറി | 38 | 26 | 12 | 68.4 | 19812158 | 11412011 | 57.6 |
| X | എച്ച്.എം. | 8 | 5 | 3 | 62.5 | 3358102 | 1894652 | 56.4 |
| Xi | അസിസ്റ്റന്റ് എഞ്ചിനീയർ | 76 | 34 | 42 | 44.7 | 48773762 | 19488189 | 39.9 |
| Xii | ഡയറിഫാം ഇൻസ്പെക്ടർ | 6 | 6 | 0 | 100 | 4357000 | 4139176 | 95 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 11 | 8 | 3 | 72.7 | 3699985 | 2861802 | 77.3 |
| | ആകെ | 185 | 123 | 62 | 66.5 | 148946762 | 65290347 | 44 |

1) ആകെ വകയിരുത്തിയ ഫണ്ടിന്റെ 44 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2) എ) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 വകയിരുത്തിയ ഫണ്ടിന്റെ 17 ശതമാനവും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 വകയിരുത്തിയ ഫണ്ടിന്റെ 21.8 ശതമാനവും മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

ബി) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 76 പ്രോജക്ടുകളിൽ 42 എണ്ണം നടപ്പാക്കിയില്ല. വകയിരുത്തിയ ഫണ്ടിന്റെ 39.9 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

സി) സെക്രട്ടറി അംഗീകാരം വാങ്ങിയ 38 പ്രോജക്ടുകളിൽ 12 എണ്ണം നടപ്പാക്കിയില്ല.

3) തൻ വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| I | S0155/22 | തെരുവ് വിളക്ക് അറ്റകുറ്റപണികൾ (എഎംസി) | സെക്രട്ടറി |
| Ii | S0159/22 | ഐഎസ്ഒ സർട്ടിഫിക്കേഷൻ പുതുക്കൽ | സെക്രട്ടറി |
| Iii | S0148/22 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് ജനറേറ്റർ വാങ്ങൽ | സെക്രട്ടറി |
| Iv | S0161/22 | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ | സെക്രട്ടറി |
| V | S0152/22 | തെങ്ങിലഴികം നടപ്പാതയ്ക്ക് സൈഡ് വാൾ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 26/31.01.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ പട്ടികയിലെ ക്രമ നം. 5 പ്രകാരമുള്ള പദ്ധതി ഉപേക്ഷിച്ചതാണെന്നും മറ്റുള്ളവ പൂർത്തീകരിച്ചിട്ടുണ്ട്/നടപ്പാക്കി വരുന്നതായും അറിയിച്ചിരിക്കുന്നു.

ബി) പദ്ധതി ആസൂത്രണം

1. ആസൂത്രണ സമിതി

സ.ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 02.02.21 ൽ ആസൂത്രണ സമിതി യോഗം ചേർന്നിട്ടുണ്ടെങ്കിലും മിനിട്സ് ബുക്കിൽ പങ്കെടുത്തവരുടെ അറ്റൻഡൻസ് രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ മറ്റ് തീരുമാനങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മേൽ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ സമിതി പുനഃസംഘടിപ്പിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്.

2. വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 2021-22 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 03.02.21 ൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ ചില വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് ക്ലോസ്

ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. പ്രസ്തുത മീറ്റിംഗിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| I | സാമൂഹ്യനീതി | 03.02.21 | ബഡ്സ് സ്കൂൾ നിർമ്മാണം, റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങുക, പൊതുശ്മശാനം നിർമ്മിക്കുക, പകൽവീട് പദ്ധതി നടപ്പിലാക്കുക |
| Ii | ആരോഗ്യം | 03.02.21 | പിഎച്ച്സിയ്ക്ക് പുതിയ കെട്ടിടം, മുടപുരം, സബ്സെന്റർ ടോയ്ലറ്റ് നവീകരണം, യുനാനി ഡിസ്പെൻസറിയ്ക്ക് കെട്ടിടം |

മേൽ അപാകതകൾ സംബന്ധിച്ചും മേൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/27.01.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

## 1-5 ക്ഷേമ പദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3412800 | 221 |
| വിധവാപെൻഷൻ | 28565700 | 1931 |
| വാർദ്ധക്യകാലപെൻഷൻ | 53823000 | 3902 |
| വികലാംഗപെൻഷൻ | 7144700 | 471 |
| വിവാഹധനസഹായം | 270000 | 9 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 506800 | 36 |
| തൊഴിൽരഹിത വേതനം | 176280 | 65 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി

പരിശോധനയ്ക്ക് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ എൺപതോളം അപേക്ഷകളിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | Sainudeen Shahul Hameed | 740257488801 | 102440202649 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01.04.2021 | ആക്ടീവ് | 05/21-06/21 | 3200 |
| 2 | Madhusoodhanan Nair | 633783376517 | 102400203243 | ഇന്ദിരാഗാന്ധി ദേശീയ | 23.06.2021 | ആക്ടീവ് | 07/21-11/22 | 27200 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | (അഴൂർ ഗ്രാമ പഞ്ചായത്ത്) | | | വാർദ്ധക്യകാല പെൻഷൻ | | | | |
| 3 | Abdulkareem | 562753228129 | 102440201180 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02.06.2021 | സസ്പെൻഡ് | 07/21-09/21 | 4800 |
| 4 | Subhash.R | 549824434774 | 102440203026 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 13.06.2021 | ആക്ടീവ് | 07/21-11/22 | 27200 |
| 5 | SukumaranNair.P | 814249347687 | 102440202455 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.06.2021 | ആക്ടീവ് | 07/21-11/22 | 27200 |
| 6 | Rajappanpilai.T.K | 445413860551 | 102440201580 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 06.06.2021 | ആക്ടീവ് | 07/21-11/22 | 27200 |
| 7 | Gomathi M | 723601547750 | 102440601281 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 05.05.2021 | സസ്പെൻഡ് | 06/21-08/21 | 4800 |
| 8 | V.Raveendran | 507681588506 | 102440200956 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.03.2021 | ആക്ടീവ് | 04/21-11/22 | 32000 |
| 9 | Maheswaran.A | 411839488035 | 102440201644 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.03.2021 | ആക്ടീവ് | 04/21-11/22 | 32000 |
| 10 | DIVAKARAN | 562669798898 | 102440100445 | കർഷക തൊഴിലാളി പെൻഷൻ | 13.04.2021 | ആക്ടീവ് | 05/21-11/22 | 30400 |
| 11 | REMANY AMMA | 514564971535 | 102440200430 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20.03.2021 | ആക്ടീവ് | 04/21-11/22 | 32000 |
| 12 | CHELLAMMA | 710910264138 | 102440600429 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 09.03.2021 | സസ്പെൻഡ് | 04/21-05/22 | 22400 |
| 13 | Vijayan.M | 982669012154 | 102440203227 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.12.2020 | ആക്ടീവ് | 01/21-11/22 | 36800 |
| 14 | CHANDRASENA | 441631752991 | 102440600512 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 07.02.2021 | ആക്ടീവ് | 03/21-11/22 | 33600 |
| 15 | Sathyabhama.S (മുദാക്കൽ ഗ്രാമ പഞ്ചായത്ത്) | 657908489871 | 102450202801 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17.02.2021 | ആക്ടീവ് | 03/21-11/22 | 33600 |
| 16 | Sudhakaran.K | 545432713006 | 102440202761 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20.01.2021 | ആക്ടീവ് | 02/21-11/22 | 35200 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കിഴുവിലം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.16ന് മരണപ്പെട്ടവരുടെ ലിസ്റ്റ് പരിശോധിച്ച് പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക ഡി ബി റ്റി അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നതിന് ബന്ധപ്പെട്ട ബാങ്കുകൾക്ക് നിർദേശം നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി. അനർഹമായി നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കിഴുവിലം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട, എന്നാൽ മറ്റു തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്.

## 1-5-2 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ ലഭിക്കുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റി.

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി ഗ്രാമപഞ്ചായത്തിൽ നിന്നും ക്ഷേമപെൻഷനുകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തുടർനടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ എഡിപി-ടിവിഎം/711/2020-PA2 നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. അതു പ്രകാരം അനർഹമായി ക്ഷേമപെൻഷൻ കൈപ്പറ്റിയവരിൽ തുക തിരികെ ഒടുക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | തുക |
|---|---|---|---|
| 1. | Manikka | 102440200442 | 92700 |
| 2. | Reghunathan A | 102440201099 | 66900 |
| 3. | Omana Amma | 102440201399 | 56200 |
| 4. | Thankappan Pillai M | 102440201756 | 50800 |
| 5. | Saraswathi K | 102440201934 | 13600 |
| 6. | Sasidharan Nair C | 102440201960 | 51400 |
| 7. | Nalini K | 102440202338 | 65900 |
| 8. | Jayachandran Nair K | 102440202415 | 65900 |
| 9. | Sathi K S | 102440202720 | 60300 |
| 10. | Sukumaran Nair S | 102440203280 | 70500 |
| 11. | Soman G | 102440400098 | 55600 |
| 12. | Radha | 102440400135 | 66500 |
| 13. | Santha K | 102440600075 | 50400 |
| 14. | Reghupathi | 102440600450 | 52000 |
| 15. | Sasikala S | 102440600638 | 46400 |
| 16. | Jeladha | 102440600828 | 52800 |
| 17. | Kausalya | 102440601477 | 52800 |

അനർഹമായി കൈപ്പറ്റിയ തുകകൾ സർക്കാരിലേക്ക് തിരികെ അടവാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 10 ന് തുക തിരികെ ഒടുക്കുന്നതിന് മേൽ പറഞ്ഞ വ്യക്തികൾക്ക് കത്ത് നൽകിയതാണെന്ന മറുപടി ലഭ്യമാക്കി. സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം വ്യക്തികൾ അനർഹമായി കൈപ്പറ്റിയ തുകകൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-6 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 31.03.2022 | 9/21 മുതൽ 3/22 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.12.2016 മുതൽ 09.01.2017 വരെ | 2011-12 മുതൽ 2015-16 വരെ | 27.09.2018 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2023, 2.45 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 161/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) നികുതി നികുതിയേതര വരുമാന വരവിൽ കൂടുതൽ ജാഗ്രതയോടെ ഓഫീസ് പ്രവർത്തനം ആവശ്യമാണ്.

2) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിലെ അപാകങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തിന്റെ ISO സർട്ടിഫിക്കേഷന്റെ കാലാവധി 28.02.2022 വരെയാണ്. ആയത് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ)നം. 1232009തസ്വഭവ തീ. 02.07.09 പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

5) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

6) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. അടിയന്തിര തുടർനടപടി സ്വീകരിക്കേണ്ടതാണ്.

7) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

8) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

9) 2021-22 ലെ വാങ്ങൽ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രോക്യൂർമെന്റ് കമ്മിറ്റി മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. എങ്കിലും പർച്ചേസ്, സ്റ്റോക്ക് എടുക്കൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തൽ എന്നിവയിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

10) വിവിധ നിർവ്വഹണോദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 99437 | 905971 | 1005408 | 894849 | 110559 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 50351091 | 50351091 | 50351091 | 0 |

MGNREGS ആകെ വരവ് 51245940/- രൂപയാണ്. കമ്പ്യൂട്ടർ വാങ്ങിയ 99933/- രൂപ വരവ് ചെലവിൽ ഉൾപ്പെട്ടിട്ടില്ല. ടി തുക Journal ചെയ്ത് മാറ്റിയിട്ടുണ്ട്. R & P Statement ൽ RP-41 ഷെഡ്യൂളിൽ 414220101 ഹെഡിൽ ടി തുക ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 3 ന്റെ മറുപടി)

| | |
|---|---|
| 2021-22 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 249 |
| 2021-22 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 2230 |
| 2021-22 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത | 2126 |

| | |
|---|---|
| കുടുംബങ്ങളുടെ എണ്ണം | |
| 100 ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 0 |
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 352 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 352 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 20 |
| ലേബർ ബജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 20 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 2009 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 283 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 153 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 164519 |
| ലേബർ കംമ്പോണന്റ് | 48315000 |

## 1-9-1 തൊഴിലുറപ്പ് പദ്ധതി -അപാകങ്ങൾ

1. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖണ്ഡിക 4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമായി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്സ് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 22 ന് റോസ്ഗാർ ദിനം സംഘടിപ്പിക്കാറുണ്ടെന്നും മിനിട്സ് ലഭ്യമാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ മിനിട്സ് ലഭ്യമാക്കിയില്ല.

2. 2005-ലെ തൊഴിലുറപ്പ് നിയമം 17(1) വകുപ്പ് പ്രകാരം ഗ്രാമസഭയ്ക്ക് പഞ്ചായത്തിലെ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിനും മോണിറ്ററിംഗിനും അവകാശമുണ്ട്. 17(2) ഉപവകുപ്പ് പ്രകാരം എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് പരിശോധനയുടെ ഫലങ്ങൾ ചർച്ച ചെയ്യാൻ പ്രത്യേക ഗ്രാമസഭായോഗം വിളിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 22 ന് മറുപടിയായി സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ മിനിട്സ് ലഭ്യമാണെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ മിനിട്സ് ലഭ്യമാക്കിയില്ല.

3. മൂല്യ നിർണ്ണയ സാക്ഷ്യപത്രങ്ങളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 22 ന് മൂല്യനിർണയ സാക്ഷ്യപത്രവും മസ്റ്റർ റോളും വെരിഫൈ ചെയ്ത ശേഷം മെഷർമെന്റ് ബുക്കിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്താറുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്.

4. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫ് ചേർത്തിട്ടില്ല. ഇതിനാൽ തന്നെ പ്രവൃത്തികളുടെ ഘട്ടങ്ങൾ കൃത്യതയോടെ വിലയിരുത്താൻ സാധിക്കാത്ത സാഹചര്യമുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ്, പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ, പ്രവൃത്തി പൂർത്തീകരിച്ച കഴിയുമ്പോൾ തുടങ്ങിയ ഓരോ ഘട്ടത്തിലെയും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ജിയോടാഗ്ഡ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നതിനുള്ള ഉപാധിയാണ്.

മേൽ അപാകം സംബന്ധിച്ച് നൽകിയ എൻക്വയറി 22 ന് ഫോട്ടോകൾ ഉൾപ്പെടുത്താത്ത ഫയലുകളിൽ ഫോട്ടോ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

5. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖ7.12.5 പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

A) ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഉദാഹരണം - വർക്ക് കോഡ് : WH/342629, കുന്തള്ളൂർത്തോട്, കടുവയിൽ വാവറവിള ഏലാത്തോട് പുനരുദ്ധാരണം.

വർക്ക് കോഡ് : IF/643043 ആട്ടിൻകൂട് നിർമ്മാണം

വർക്ക് കോഡ് : IF/642830 പശുത്തൊഴുത്ത് നിർമ്മാണം

B) Technical Sanction, Adninistrative Sanction, ഭരണസമിതി അംഗീകാരം എന്നിവ ലഭിച്ചതിന്റെ രേഖകൾ ഫയലിൽ

ലഭ്യമല്ല.

ഉദാഹരണം- വർക്ക് കോഡ് : WH/342274, കുന്നമല ക്ഷേത്രം-കക്കോട് തോട് പുനരുദ്ധാരണം (Technical Sanction)

വർക്ക് കോഡ് : WH/342629, കുന്നള്ളൂർത്തോട്, കടുവയിൽ വാവറവിള ഏലാത്തോട് പുനരുദ്ധാരണം.

C) പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയവ ഫയലിൽ ലഭ്യമല്ല.

ഉദാഹരണം- വർക്ക് കോഡ് : IF/712434,സോക്ക് പിറ്റ് നിർമ്മാണം

വർക്ക് കോഡ് : IF/70047 അസോള ടാങ്ക് നിർമ്മാണം

6. പല സൈറ്റ് ഡയറികളും പൂർണമല്ല.

ക്രമനമ്പർ 5, 6 അപാകങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് അപാകങ്ങൾ പരിഹരിക്കുന്നതാണെന്നും വരും വർഷങ്ങളിൽ അപാകതകളുണ്ടാകാതെ സൂക്ഷിക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കി.

## 1-10 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 266, 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്‌ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3) പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. AFS പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്‌ട്രേഷൻ ഫീസിനത്തിൽ വരവ് ഇല്ല. എന്നാൽ പഞ്ചായത്ത് ഓഫീസിന്റെ സമീപത്ത് സ്കൂൾ ഓഫ് ലെറ്റേഴ്സ് എന്ന ട്യൂട്ടോറിയൽ കോളേജും, ഡാൻസ് സ്കൂളുകൾ, മ്യൂസിക് സ്കൂൾ, കരാട്ടെ സ്കൂൾ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. മേൽ സ്ഥാപനങ്ങളുടെയും അവയുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരവും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 29ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിൽ മേൽ സ്ഥാപനങ്ങളെ രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനവർദ്ധനവിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിൽ കൂടുതൽ ജാഗ്രത വേണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 254, (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടം 4 പ്രകാരം പട്ടികളെ വളർത്തുന്നതിന് ലൈസൻസ് എടുക്കേണ്ടതാണ്. ലഭ്യമായ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ലൈസൻസുള്ള നായ്ക്കളുടെ എണ്ണം 304 ആണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 14 നായ്ക്കൾക്ക് മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. ബാക്കി നായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറി നം. 21 ന് മറുപടിയായി 2022 ന്റെ അവസാന നാളുകളിൽ മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി വളർത്തുനായകൾക്കായുള്ള ലൈസൻസിനായി കൂടുതൽ അപേക്ഷകൾ ലഭിച്ചിരുന്നതായും പ്രതിരോധ കുത്തിവെയ്പ്പ് എടുത്തതായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ച് ഫീസ് ഒടുക്കിയ എല്ലാ അപേക്ഷകൾക്കും ലൈസൻസ് നല്കി ലൈസൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വളർത്തുനായകൾക്കും വാക്സിനേഷൻ നൽകി ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-12 സാക്ഷരതാ പ്രേരകിന് അനുവദിച്ച ഓണറേറിയം തുക തിരികെ ലഭിച്ചിട്ടില്ല

സ.ഉ.(സാധാ) നം.626/2021/തസ്വഭവ, തീയതി 26.02.2021 പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷനിലെ സാക്ഷരതാ പ്രേരക്മാരുടെ 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലെ ഓണറേറിയം സാക്ഷരതാമിഷൻ പിന്നീട് പ്രസ്തുത തുക തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിരുന്നു. 2021-22 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഹെഡ് നം.460509901 – Advance To Others ഇനത്തിന്റെ ലെഡ്ജർ, ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും വൗച്ചർ നം. 22100145/27.05.21 പ്രകാരം (ചെക്ക് നം.296927/27.05.21) 03/21 ലെ ശമ്പളമായി 10000/- രൂപ സാക്ഷരതാ പ്രേരകിന് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടി വർഷം പ്രസ്തുത തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. ബി 18 ഷെഡ്യൂളിൽ പ്രസ്തുത തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 39/02.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം തുക തിരികെ ലഭിക്കുന്നതിന് സാക്ഷരതാ മിഷന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി - വിവിധ അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-13-1 എല്ലാ കെട്ടിടങ്ങളും സഞ്ചയയിൽ അസസ് ചെയ്യുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയറിൽ 3-ാം വാർഡ് മാത്രം തെരഞ്ഞെടുത്ത് നടത്തിയ പരിശോധനയിൽ ചുവടെ പരാമർശിക്കുന്ന കെട്ടിട നമ്പരുകൾ അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ട് കാണുന്നില്ല.

| Sl.No. | Missing Door No. | | |
|---|---|---|---|
| | From | To | Total |
| 1 | 11 | 11 | 1 |
| 2 | 17 | 17 | 1 |
| 3 | 29 | 29 | 1 |
| 4 | 47 | 47 | 1 |
| 5 | 69 | 69 | 1 |
| 6 | 82 | 83 | 2 |
| 7 | 85 | 85 | 1 |
| 8 | 92 | 92 | 1 |
| 9 | 101 | 101 | 1 |
| 10 | 123 | 123 | 1 |
| 11 | 129 | 129 | 1 |
| 12 | 141 | 141 | 1 |
| 13 | 156 | 156 | 1 |
| 14 | 177 | 177 | 1 |
| 15 | 211 | 211 | 1 |
| 16 | 217 | 217 | 1 |
| 17 | 259 | 259 | 1 |
| 18 | 268 | 268 | 1 |
| 19 | 287 | 287 | 1 |
| 20 | 291 | 291 | 1 |
| 21 | 300 | 300 | 1 |
| 22 | 354 | 354 | 1 |
| 23 | 359 | 360 | 2 |
| 24 | 378 | 379 | 2 |

| | | | |
|---|---|---|---|
| 25 | 399 | 399 | 1 |
| 26 | 415 | 415 | 1 |
| 27 | 422 | 422 | 1 |
| 28 | 424 | 424 | 1 |
| 29 | 426 | 426 | 1 |
| 30 | 433 | 433 | 1 |
| 31 | 435 | 452 | 18 |
| 32 | 454 | 457 | 4 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.38/02.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഉൾപ്പെടാത്ത കെട്ടിടങ്ങളെ പ്യൂരിഫിക്കേഷൻ നടപടികളിലൂടെ ഉൾപ്പെടുത്തി വരുന്നതായി അറിയിച്ചിരിക്കുന്നു. പ്രസ്തുത നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-13-2 എല്ലാ കെട്ടിടങ്ങളുടെയും ഡേറ്റാ എൻട്രി പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റാ എൻട്രി പൂർത്തിയാക്കി 01.04.2013 പ്രകാരമുള്ള പുതുക്കിയ നികുതി നിർണയിച്ചിട്ടില്ല. ഡേറ്റാ എൻട്രി ആരംഭിച്ചിട്ടില്ല/നടന്നുക്കൊണ്ടിരിക്കുന്നു എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 1 മുതൽ 5 വരെയുള്ള വാർഡുകൾ പരിശോധിച്ചതിൽ നിന്നുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | ഉടമയുടെ പേര് |
|---|---|---|---|
| 1 | 3 | 286 | കുമാരൻ നായർ |
| 2 | 4 | 111/ A | ആർ.വേണുഗോപാൽ രജിത.പി.ആർ |
| 3 | 4 | 493 | ബീന കുമാരി |
| 4 | 5 | 12 | അനിത.ജി |
| 5 | 5 | 278 | വേണുഗോപാൽ. ആർ |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.37/02.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പരാമർശിച്ച കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ച് നികുതി നിർണയം നടത്തി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് നികുതി പുനർനിർണയം നടത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13-3 കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം നടത്തി ഡിമാന്റ് ചെയ്തിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിനിർണയം നടത്തുകയോ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു. വാർഡ് 11 ലെ 'പാർപ്പിടാവശ്യം' എന്ന ഉപയോഗക്രമത്തിലുള്ള 100 കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ നിന്നുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരമുള്ള വാർഷിക വസ്തു നികുതി |
|---|---|---|---|---|
| 1 | 11 | ശിവദാസൻ,മേലേവിളവീട്,പറയത്തുകോണം | 80 | നികുതി നിർണയിച്ചിട്ടില്ല |
| 2 | 12 | സുലോചന, ചരുവിള വീട്, പറയത്തുകോണം | 64 | നികുതി നിർണയിച്ചിട്ടില്ല |
| 3 | 33 | അജിത്ത്. എ,തെറ്റിവിള വീട്,മുടപുരം | 56 | നികുതി നിർണയിച്ചിട്ടില്ല |
| 4 | 69 | അർച്ചന പ്രകാശ്,അനിൽ ഭവൻ,കിഴവിലം | 45 | നികുതി നിർണയിച്ചിട്ടില്ല |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 41/02.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. പഞ്ചായത്ത് പരിധിയിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതി നിർണയം നടത്തേണ്ടതും നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-13-4 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതും ഒരു പഞ്ചവർഷ അസ്സെസ്മെന്റ് കാലയളവിലേയ്ക്കായി ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് കെട്ടിട ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരം നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിശദാംശം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

എ) സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലായെന്ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 3/323 A | ഉദയകുമാർ. എസ്, എസ്. വിജിതകുമാരി, അനുപമ നിലയം, കട്ടുവയിൽ |
| 2 | 18/20 A | എസ്. എൽ. സുനിൽ, സുനിലാരാജ്, രേവതി, പടനിലം |
| 3 | 18/468 | ശശിധരൻ നായർ ലീല പി, പടിഞ്ഞാറേ പുള്ളിയിൽ വീട് |
| 4 | 16/137 A(UA) | സെനിൽ, അനുമോൾ ഭവൻ, പൂവൻചിറ |

ബി) മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 1 മുതൽ 10 വരെയുള്ള വാർഡുകൾ മാത്രം പരിശോധിച്ചതിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 6/37 | ഓമന,ചിറവകോണത്ത് വീട്, പറയത്തുകോണം | 1993 ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 4/15 | കെ. ദാസൻ, പള്ളിവിളവീട്, കട്ടുവയിൽ | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 8/8 A | സജീന,നൌഫിയ മൻസിൽ, കൊച്ചാലുംമൂട് | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

സി) ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ, തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വ ഭവ, തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ വാർഡ് 6 മാത്രം പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 6/33 | ശാന്തമ്മ, ബിനു ഭവൻ |
| | 6/33 A | ശാന്തമ്മ.പി, ബിനു ഭവൻ |
| 2 | 6/199 A | സുഗതൻ ആശാരി,ഗ്രീഷ്മ ഭവൻ, പറയത്തുകോണം |
| | 6/199 | സുഗതൻ ആശാരി,ഗ്രീഷ്മ ഭവൻ, പറയത്തുകോണം |
| 3 | 6/281 | എ. സലിം, ഇടവിളാകം ഹൌസ്, പറയത്തുകോണം |
| | 6/282 | എ. സലിം, ഇടവിളാകം ഹൌസ്, പറയത്തുകോണം |
| 4 | 6/396 | ഭാരതി അമ്മ, വാസവവിലാസം, പറയത്തുകോണം |

| | | |
|---|---|---|
| | 6/397 | ഭാരതി അമ്മ, വാസവവിലാസം, പറയത്തുകോണം |
| | 6/398 | ഭാരതി അമ്മ, വാസവവിലാസം, പറയത്തുകോണം |
| 5 | 6/472 | ഗിരിജകുമാരി അമ്മ, രാഖി നിവാസ്, കിഴവിലം |
| | 6/472 A | ഗിരിജകുമാരി അമ്മ, രാഖി നിവാസ്, കിഴവിലം |
| | 6/472 B | ഗിരിജകുമാരി അമ്മ, രാഖി നിവാസ്, കിഴവിലം |
| 6 | 6/483 | അബ്ദുൾ റഷീദ്, ചിയ്യക്കോണം |
| | 6/484 | അബ്ദുൾ റഷീദ്, ചിയ്യക്കോണം |
| 7 | 6/500 | ഇന്ദിരാ സുകുമാരൻ, പാണ്ടിവാരത്ത് വീട് |
| | 6/500 A | ഇന്ദിരാ സുകുമാരൻ, പാണ്ടിവാരത്ത് വീട് |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 40/02.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-13-5 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണ്ണയവും - ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ

1. വ്യത്യസ്ത ഫയലുകൾ സൂക്ഷിക്കുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ത ഫയലുകളായാണ് പെർമ്മിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും.

2. മേഖലാടിസ്ഥാനത്തിലുള്ള മാപ്പ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വീതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

3. 2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ചട്ടപ്രകാരമുള്ള ഫാറം നമ്പർ 10 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ ചട്ടപ്രകാരമുള്ളതല്ല.

4. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം ക്രമവൽക്കരണം സംബന്ധിച്ച് അനുബന്ധം - J ഫോറത്തിലുള്ള ഒരു രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ നിർദ്ദിഷ്ട മാതൃകയിലുള്ള ക്രമവത്കരണ രജിസ്റ്ററിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളിച്ചിട്ടില്ല. പകരം ക്രമവൽക്കരണ ഫീസ് വരവ് വെയ്ക്കുന്ന ബന്ധപ്പെട്ട ലെഡ്ജർ റിപ്പോർട്ടിന്റെ പ്രിന്റ് ഔട്ട് മാത്രമാണ് ഒട്ടിച്ചിട്ടുള്ളത്. എന്നാൽ ലഭ്യമായ അപേക്ഷകളുടെ വിവരം, സ്വീകരിച്ച നടപടികളുടെ വിവരം എന്നിവയടക്കമുള്ളവ ഒന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

5. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 12 ൽ ഫോറം 4 പ്രകാരമുള്ള വസ്തുനികുതി നിർണയ രജിസ്റ്റർ വാർഡടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ചട്ടം 13 ൽ ഫോറം 8 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പരിപാലിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള രജിസ്റ്ററുകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. 2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയ റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം ഫാറം നമ്പർ 2 ൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ

ഉൾപ്പെടുത്തേണ്ടതുമാണ്. 2021-22 വർഷം ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഫയലുകളിൽ കെട്ടിട ഉടമ സമർപ്പിക്കേണ്ട ഫാറം നമ്പർ 2 റിട്ടേൺ, വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫോറം 6 എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും ആയത് സൂക്ഷ്മപരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ഫോറം 6 ൽ വസ്തുനികുതി നിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 24/30.01.2023 ന് ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിൽ പെർമിറ്റ്, നമ്പറിംഗ് അപേക്ഷകൾ ലിങ്ക് ചെയ്താണ് സൂക്ഷിക്കുന്നതെന്നും പഞ്ചായത്ത് പ്രദേശത്തെ മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ചട്ടപ്രകാരമുള്ള രജിസ്റ്ററുകൾ പരിപാലിക്കുന്നതാണെന്നും ഫോറം 2, 6 എന്നിവ സൂക്ഷ്മപരിശോധന നടത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ആയത് പാലിക്കേണ്ടതാണ്.

## 1-14 വനിതാ വികസന കേന്ദ്രം ലൈബ്രറി - സ്റ്റോക്കിലുള്ള പുസ്തകങ്ങൾ നഷ്ടപ്പെട്ടു - ചെലവ് രേഖകൾ ഹാജരാക്കിയില്ല

05.02.22 ൽ കൂടിയ പഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ ഇനം നം.7/91 തീരുമാനം പ്രകാരം പഞ്ചായത്ത് വനിതാവികസന കേന്ദ്രത്തിന്റെ വരവ് ചെലവ് കണക്കുകൾ നിലവിൽ ശരിയായി സൂക്ഷിക്കുന്നുണ്ടെന്ന് കമ്മിറ്റി വിലയിരുത്തിയതായും ലൈബ്രറിയിൽ നിന്നും വിതരണം ചെയ്ത പുസ്തകങ്ങൾ പൂർണമായി തിരികെ എത്തിച്ചിട്ടുണ്ടെന്നും അത് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കുന്നതാണെന്നും പരാമർശിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വനിതാ വികസന കേന്ദ്രത്തിന്റെ എല്ലാ വരവ് ചെലവ് കണക്കുകളും വിതരണം ചെയ്ത പുസ്തകങ്ങൾ തിരികെ ലഭിച്ചതു പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് റിക്വിസിഷൻ നം.1/25.01.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ വരവ് ചെലവ് രേഖകളോ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ രേഖകൾ പരിശോധന നടത്തിയതിൽ നിന്നുള്ള കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിന് പകരം 07.04.2016 ൽ ശ്രീമതി ഷിജില, ഐസിഡിഎസ് സൂപ്പർവൈസർക്ക് ചാർജ്ജ് കൈമാറ്റം ചെയ്തപ്പോൾ എടുത്ത 405 പുസ്തകങ്ങളുടെ ലിസ്റ്റാണ് ലഭ്യമാക്കിയത്. 19.08.17 ൽ ശ്രീമതി ജ്യോതി, ഐസിഡിഎസ് സൂപ്പർവൈസർക്ക് ചാർജ്ജ് കൊടുക്കുമ്പോഴും പ്രസ്തുത ലിസ്റ്റ് പ്രകാരമുള്ള പുസ്തകങ്ങൾ കൈമാറ്റം ചെയ്തിരുന്നതായി ലിസ്റ്റിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭൗതിക പരിശോധനയിൽ 100 ൽ താഴെ പുസ്തകങ്ങൾ മാത്രമാണ് നിലവിൽ വിഇഒ ഓഫീസ് പ്രവർത്തിക്കുന്ന വനിതാ വികസന കേന്ദ്രത്തിന്റെ ലൈബ്രറിയിൽ ഉള്ളത് എന്ന് ബോധ്യപ്പെട്ടു. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖ.3-26 പ്രകാരം 2012 ലാണ് വനിതാ വികസന കേന്ദ്രവും, ലൈബ്രറിയും പ്രവർത്തനം നിലച്ചത്. എന്നാൽ അതിനു ശേഷവും പുസ്തകങ്ങളുടെ എണ്ണത്തിൽ എങ്ങനെയാണ് ഈ കുറവ് സംഭവിച്ചത് എന്ന് വ്യക്തമല്ല.

2. പ്രവർത്തനം നിർത്തുന്നതിനു മുൻപായി ലൈബ്രറിയിൽ നിന്നും വിതരണം ചെയ്ത പുസ്തകങ്ങൾ തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനാവശ്യമായ ലൈബ്രറി ബുക്ക് ഇഷ്യൂ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. കേന്ദ്രവുമായി ബന്ധപ്പെട്ട് ഐസിഡിഎസ് സൂപ്പർവൈസറുടെയും പ്രസിഡന്റിന്റെയും പേരിൽ കിഴവിലം സർവ്വീസ് സഹകരണ ബാങ്കിൽ ഉണ്ടായിരുന്ന 10983 നം. അക്കൗണ്ടിന്റെ പാസ്ബുക്ക് പ്രകാരം 31.03.2018 ൽ 109376/- രൂപ നീക്കിയിരിപ്പ് കാണുന്നു. ഇപ്രകാരം നിഷ്ക്രിയമായി കിടക്കുന്ന അക്കൗണ്ട് ക്ലോസ് ചെയ്ത് പ്രസ്തുത തുക പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

4. 2012 ൽ കേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ചതിനു ശേഷം 2014 ൽ 2 തവണയായി ആകെ 12000/- രൂപ അക്കൗണ്ടിൽ നിന്നും പിൻവലിച്ചതിന്റെ ചെലവ് രേഖകൾ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

5. 12.08.2016 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം I (3) പ്രകാരം വനിതാവികസന കേന്ദ്രം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച രേഖകൾ/റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.36/01.02.023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 19.08.17 ൽ ഉണ്ടായിരുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് പ്രകാരമുള്ളതും എന്നാൽ ഇപ്പോൾ നഷ്ടപ്പെട്ടതുമായ പുസ്തകങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തേണ്ടതും നഷ്ടം സംബന്ധിച്ച് വ്യക്തമായ അന്വേഷണം നടത്തേണ്ടതുമാണ്. കൂടാതെ, വർഷങ്ങളായി ഉപയോഗിക്കാതെ ഉപേക്ഷിക്കപ്പെട്ട നിലയിലുള്ള ബാക്കി പുസ്തകങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി - അപാകങ്ങൾ

തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ചുവടെ ചേർക്കുന്നു.

1-15-1 കരാറുകാരിൽ നിന്നും തൊഴിൽ നികുതിഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2020-21 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2020-21 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾ ആകെ 31 കരാറുകാർ ഏറ്റെടുത്തിട്ടുള്ളതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കരാറുകാർ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതുമാണോ എന്ന് ഉറപ്പു വരുത്തേണ്ടതും, തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 14 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15-2 ഓഡിറ്റോറിയം, ഹാൾ - സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം താഴെപറയുന്ന സ്ഥാപനങ്ങളിൽ വിവാഹങ്ങൾ നടന്നിട്ടുള്ളതായി വിവാഹ രജിസ്ട്രേഷൻ അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1. റിവർവ്യൂ മിനിഹാൾ
2. ഉമാഹാൾ
3. രവി മെമ്മോറിയൽ ചാമ്പ്യൻസ് മിനി ഓഡിറ്റോറിയം
4. ശിവകൃഷ്ണ ക്ഷേത്രം ഓഡിറ്റോറിയം
5. കാട്ടുമുറാക്കൽ MIM ഹാൾ
6. മുടപുരം തെങ്ങുവിള ക്ഷേത്രം ഓഡിറ്റോറിയം
7. ഊരുട്ടുമണ്ഡപം തമ്പുരാൻക്ഷേത്രം ഓഡിറ്റോറിയം
8. മാമംനട ഭഗവതിക്ഷേത്രം ഓഡിറ്റോറിയം
9. വലിയ ഏലാ NSS കരയോഗം ഓഡിറ്റോറിയം
10. സഭവിള ശ്രീനാരായണ ഓഡിറ്റോറിയം
11. ഇമാബി ദർബാർ ഹാൾ
12. തെന്നൂർക്കോണം ദുർഗ്ഗാദേവി ക്ഷേത്രം ഓഡിറ്റോറിയം

എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി ലൈസൻസ്-തൊഴിൽ നികുതി രജിസ്റ്ററുകളിൽ കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം13.) ലഭ്യമാക്കിയ മറുപടിയിൽ, സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റോറിയം, ഹാൾ എന്നിവയിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-16 കുടിവെള്ള കണക്ഷൻ ലഭിച്ചതിന്റെ രേഖയില്ലാതെ ആനുകൂല്യം അനുവദിച്ചിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതിക്കാർക്ക് കുടിവെള്ള കണക്ഷൻ |
| പദ്ധതി നമ്പർ | 163/22 |
| പദ്ധതി അടങ്കൽ | 58887/- (വികസന ഫണ്ട് എസ്.സി.പി) |
| പദ്ധതി ചെലവ് | 38085/- (വികസന ഫണ്ട് എസ്.സി.പി) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

മേൽ പ്രോജക്ടിന്റെ ഭാഗമായി കുടിവെള്ള കണക്ഷൻ എടുത്തതിന്റെയും അനുബന്ധ ചെലവുരേഖകളുടെയും അടിസ്ഥാനത്തിൽ പരമാവധി 10000/- രൂപയാണ് ഒരാൾക്ക് അനുവദിക്കുന്നത്. ശ്രീമതി രമ.എം, പ്ലാവിള വീട് എന്ന വ്യക്തിയ്ക്ക് കുടിവെള്ള കണക്ഷൻ എടുത്തതിന് 8085/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ അനുബന്ധ ചെലവുകൾക്കുള്ള പർച്ചേസ് ബില്ലുകളിൽ ഒന്നും തന്നെ തീയതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ കണക്ഷൻ അനുവദിച്ചുകൊണ്ടുള്ള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള അനുമതി കത്ത് അപേക്ഷയോടൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 30/01.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ബില്ലുകളിലെ അപാകത പരിഹരിക്കുന്നതാണെന്നും വാട്ടർ അതോറിറ്റിയിൽ നിന്നുള്ള അനുമതിയ്ക്കായി കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. വാട്ടർ കണക്ഷൻ എടുത്തിട്ടുണ്ടോയെന്ന് ഉറപ്പാക്കാതെ ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 പാഥേയം പദ്ധതി - 29200/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | പാഥേയം |
| പദ്ധതി നമ്പർ | 99/22 |
| പദ്ധതി അടങ്കൽ | 29200/- (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 29200/- (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

ജനറൽ വിഭാഗത്തിൽപ്പെട്ട 5 വയോജനങ്ങൾക്ക് ഒരു നേരത്തെ ആഹാരം വർഷം മുഴുവനും നൽകുന്നതിനുള്ള പദ്ധതിയാണിത്. ഗുണഭോക്താക്കളുടെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. കൂടാതെ, പ്രോജക്ട് നടത്തിപ്പിനായി 2021-22 വർഷം ഗ്രാമപഞ്ചായത്ത് വിഹിതമായി 29200/- രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 30/01.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം വിനിയോഗ സാക്ഷ്യപത്രത്തിനായി കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-18 വിതരണ സ്റ്റേറ്റ്മെന്റിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സുഭിക്ഷ കേരളം-വീട്ട് വളപ്പിലെ കിഴങ്ങ് വർഗ്ഗ കൃഷി |
| പദ്ധതി നമ്പർ | 32/22 |
| പദ്ധതി അടങ്കൽ | 115000/- (വികസന ഫണ്ട് എസ്.സി.പി) |
| പദ്ധതി ചെലവ് | 115000/- (വികസന ഫണ്ട് എസ്.സി.പി) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പ്രോജക്ടിന്റെ ഭാഗമായി 200/- രൂപ വിലവരുന്ന കിഴങ്ങ്വർഗ്ഗ കിറ്റ് 575 പേർക്കാണ് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ വാർഡടിസ്ഥാനത്തിലുള്ള വിതരണ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വാർഡ് 14 ൽ ആകെ 27 കിറ്റ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 12 പേർ 2 കിറ്റ് വീതം ആകെ 24 എണ്ണം മാത്രമാണ് യഥാർത്ഥത്തിൽ കൈപ്പറ്റിയിട്ടുള്ളത്. അപേക്ഷകൾ ഒന്നും തന്നെ കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.35/01.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം യഥാർത്ഥത്തിൽ 27 കിറ്റ് വിതരണം ചെയ്തിട്ടുള്ളതായും വിതരണ സ്റ്റേറ്റ്മെന്റിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതും അപേക്ഷകൾ കൃഷി ഓഫീസർ പരിശോധിച്ച് ശുപാർശ ചെയ്യേണ്ടതുമാണ്. രേഖപ്പെടുത്തലുകൾ പൂർണമാക്കി സാക്ഷ്യപ്പെടുത്തി വിതരണ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

## 1-19 സമഗ്രനെൽകൃഷി വികസനം പ്രോജക്ട് അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | സമഗ്ര നെൽകൃഷി വികസനം |
| പദ്ധതി നമ്പർ | 2/22 |
| പദ്ധതി അടങ്കൽ | 1750160 (വികസന ഫണ്ട് പൊതുവിഭാഗം)<br>1003000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>436600 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 1750160 (വികസന ഫണ്ട് പൊതുവിഭാഗം)<br>1003000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>436600 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പഞ്ചായത്തിലെ 7 പാടശേഖര സമിതികളിലെ 118 ഹെക്ടർ പ്രദേശത്ത് നെൽകൃഷിയ്ക്ക് ആനുകൂല്യം നൽകുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ടിന്റെ ഭാഗമായി രണ്ടാം വിള നെൽകൃഷിയ്ക്കുള്ള ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത ചുവടെ പറയുന്ന രസീതുകൾ ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഒറിജിനൽ രസീത് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | രസീത് നം./തീയതി | തുക |
|---|---|---|
| 1 | 81/14.12.21 | 6950 |

| | | |
|---|---|---|
| 2 | 82/14.12.21 | 3475 |

2. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം കൂലി സബ്സിഡി സ്ഥലപരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന ഉറപ്പ് വരുത്തിയ ശേഷമാണ് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് വരവ് വെയ്ക്കേണ്ടത്. എന്നാൽ അപ്രകാരമുള്ള യാതൊരു റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 34/01.02.23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം രസീത് നം. 81, 82 എന്നിവ പ്രകാരം യഥാർത്ഥത്തിൽ തുക ഒടുക്കിയിട്ടില്ലായെന്ന് ബന്ധപ്പെട്ട പാടശേഖര സമിതികളിൽ നിന്നുള്ള കത്ത് ലഭ്യമാക്കിയിരിക്കുന്നു. എന്നാൽ ക്യാൻസൽ ചെയ്ത രസീതിന്റെ ഒറിജിനൽ നഷ്ടപ്പെടുത്തിയത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ട അനാസ്ഥയാണ്. കർഷകർ കൃഷി ചെയ്തിട്ടുണ്ടെന്ന ഉറപ്പാക്കിയിട്ടുള്ള വിതരണ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കൃഷി ഫലപ്രദമായി നടത്തി എന്നുറപ്പ് വരുത്തിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-20 പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 ലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, ഇതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

1) സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഒന്നും തന്നെ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) സ.ഉ(കൈ) നം. 11/2018/തസ്വഭവ, തിരുവനന്തപുരം തീയതി: 29.01.2018 ഖണ്ഡിക 13 പ്രകാരം പ്രോജക്ടുകളുടെ മോണിറ്ററിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഒരു ഫയലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയില്ല.

4) 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ സുലേഖയിൽ പ്രോജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. എന്നാൽ ഇപ്രകാരമുള്ള 2020-21 വർഷത്തെ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം പ്രോജക്ട് ഫയലിൽ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 33/01.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 പത്രങ്ങൾ ഈടാക്കുന്ന വാണിജ്യ പരസ്യ നിരക്ക് സർക്കാർ ഉത്തരവുപ്രകാരമുള്ള നിരക്കുമായി പൊരുത്തപ്പെടുന്നില്ല

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്കുള്ള നിരക്ക് ജി.ഒ. (ആർ.ടി).നം.551/15 /I&PRD തീ.20.11.2015, ജി.ഓ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഓ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014, ജി.ഓ (പി) നം.1/2019/I&PRD തീ.07.01.2019, ജി.ഓ(പി)നം.2/2020/I&PRD തീ.10.12.2020 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഇതുപ്രകാരം, തിരുവനന്തപുരം ജില്ലയിൽ കേരളകൗമുദി ദിനപത്രത്തിന്റെ പരസ്യ താരിഫ് 158രൂ/sq.cm ഉം, ദേശാഭിമാനിയുടേത് 57രൂ/sq.cm ആണ്. എന്നാൽ മംഗലപുരം ഗ്രാമ പഞ്ചായത്തിൽ ഇതിലും കൂടിയ നിരക്കിലുള്ള പരസ്യ താരിഫ് ആണ് നല്കിയിട്ടുള്ളത്. കൂടാതെ, പരസ്യങ്ങൾ പി.ആന്റ്.എ.ആർ.ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിച്ച് നൽകണമെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കിഴുവിലം ഗ്രാമ പഞ്ചായത്തിൽ കേരളകൗമുദി ദിനപത്രത്തിൽ പരസ്യം നൽകിയപ്പോൾ ഡിസ്കൗണ്ട് ല്യമാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമം നം. | പത്രം | കോളം വലിപ്പം (Sq.cm) | ബിൽ തുക (രൂപ) | പരസ്യതാരിഫ് രൂപ/sq.cm | പരസ്യ തീയതി |
|---|---|---|---|---|---|
| 1 | കേരളകൗമുദി | 48 | 14592 | 304 | 06-02-21 |

| | | | | | |
|---|---|---|---|---|---|
| 2 | ദേശാഭിമാനി | 40 | 8000 | 200 | 22-06-21 |
| 3 | ദേശാഭിമാനി | 32 | 6400 | 200 | 27-08-21 |
| 4 | ദേശാഭിമാനി | 32 | 6400 | 200 | 04-10-21 |
| 5 | ദേശാഭിമാനി | 40 | 8000 | 200 | 04-01-22 |
| 6 | ദേശാഭിമാനി | 32 | 6400 | 200 | 04-11-21 |
| 7 | ദേശാഭിമാനി | 40 | 8000 | 200 | 15-03-22 |
| 8 | ദേശാഭിമാനി | 40 | 8000 | 200 | 04-02-22 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ (നം.7) കേരളകൗമുദി, ദേശാഭിമാനി പത്രങ്ങൾ ഈടാക്കുന്ന വാണിജ്യ പരസ്യ നിരക്കിലാണ് തുക നല്കിയത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ പരസ്യങ്ങൾക്ക് മേല്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള നിരക്കാണ് ബാധകം. അധിക നിരക്കിലുള്ള പരസ്യ താരിഫ്, കുറഞ്ഞ നിരക്കിലുള്ള ഡിസ്കൗണ്ട് എന്നിവ മൂലം അധികം തുക ഭാവിയിലെ ബില്ലുകളിൽ നിന്നും ഈടാക്കാനിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 വെള്ളക്കരം - ബില്ലുകളിൽ പൊരുത്തക്കേട്

ഗ്രാമപഞ്ചായത്ത് പ്രതിമാസം 152986/- രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവന്നത്. ആകെ 333 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വന്നത്. സംയുക്ത പരിശോധന നടത്തി 333 ടാപ്പുകൾ തന്നെയാണോ പ്രവർത്തനക്ഷമം എന്ന് ഉറപ്പാക്കിയിട്ടില്ല. ഫയൽ പരിശോധനയിൽ, KWA യുടെ ബില്ലുകളിൽ Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുകയാണ് ഡിമാന്റ് ചെയ്തിട്ടുള്ളതായി കാണുന്നത്. ഉദാഹരണമായി, 2021 ആഗസ്റ്റ് മാസത്തെ ബിൽ പ്രകാരം, Closing Balance As On 31-07-21 - 21307/- രൂപയും, Demand For The Month 152986/- രൂപയും, ഫൈൻ 421/- രൂപയും ചേർത്ത് ആകെ Amount Payable - 174714/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത്, പ്രസ്തുത തുക തന്നെയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളത്. അധികമായി നല്കിയ 21728/- രൂപ അടുത്ത ബില്ലിൽ കുറവു ചെയ്തു തരാൻ 22/09/21 Nz A1/2368/21 നം കത്ത് പ്രകാരം KWA യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക തിരികെ ലഭിച്ചിട്ടില്ല. ബില്ലുകളിലെ പൊരുത്തക്കേട് സംബന്ധിച്ചും ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തുന്നതിനും വേണ്ടി KWA യ്ക്ക് പല തവണ കത്തു നൽകിയെങ്കിലും, നടപടി ഒന്നും ഉണ്ടായില്ല എന്ന് ഓഡിറ്റ് എൻക്വയറി നം. 6 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ കൃത്യമായി കണക്കാക്കി ആയതിനനുസരിച്ചുള്ള തുക മാത്രം അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അധികമായി തുക നൽകിയ മാസങ്ങളിലെ കണക്ക് കൃത്യമാക്കി അധികത്തുക നൽകിയത് തിരികെ ഈടാക്കി ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. വെള്ളക്കരം സംബന്ധിച്ച ആശയക്കുഴപ്പം പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന പദ്ധതി - ഒന്നാം ഗഡു കൈപ്പറ്റിയശേഷം ഇതുവരെ വീട് പണി ആരംഭിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കളിൽ ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയശേഷം ഇതുവരെ വീട് പണി ആരംഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി നം./ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം./ തീയതി | ഗുണഭോക്താവിന്റെ പേര്/കൈപ്പറ്റിയ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| എസ് 00 61/22 എസ് സി അഡിഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനനിർമ്മാണം | 13600000/- | 13600000/- (വികസന ഫണ്ട്) | 34/17-03-22, 40000/- 51/24.3.22, 40000/- | 1. രമാദേവി, തടത്തരികത്ത് പുത്തൻവീട്, കിഴവിലം 40000/- 2.വിജയകുമാരി, അനന്തു ഭവൻ, കിഴവിലം 40000/- | വി ഇ ഒ |
| എസ് 00 60/22 ലൈഫ് ഭവനപദ്ധതി (SCP) | 8000000/- | 942600/- (വികസന ഫണ്ട്) | 15/23.3.22, 120000/- | ശ്രീ.സതീശൻ മുപ്പറയിൽ വീട്, ആനത്തലവട്ടം. 40000/- | വി ഇ ഒ |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ തുക കൈപ്പറ്റിയ ശേഷം വീട്പണി ആരംഭിക്കാത്തതിനുള്ള കാരണവും

അതിന്മേൽ സ്വീകരിച്ച നടപടിയും വിശദമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15, 28.1.23) രമാദേവി, വിജയകുമാരി എന്നീ ഗുണഭോക്താക്കൾ വീട് പണി ആരംഭിച്ചിട്ടുണ്ട് എന്നും ശ്രീ.സതീശനോട് വീട് പണി ആരംഭിക്കാൻ അറിയിച്ചുകൊണ്ട് കത്ത് നല്കിയെന്നും മറുപടി ലഭ്യമാക്കി.

വീട്പണി ആരംഭിച്ച വ്യക്തികളെകൊണ്ട് വീട് പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താവിന് നല്കിയ തുക തിരികെ ഈടാക്കുകയോ അല്ലാത്ത പക്ഷം അടിയന്തിരമായി വീട് പണി ആരംഭിച്ച് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-24 ദുരിതാശ്വാസനിധി - തുക സമാഹരിക്കുന്നതിലും വിനിയോഗത്തിലും കൂടുതൽ ശ്രദ്ധ ആവശ്യം

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ട പ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തര ധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥമുള്ള കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവ്- ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.12 ന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ ഫെഡറൽ ബാങ്കിന്റെ മുടപുരം ശാഖയിൽ ദുരിതാശ്വാസ നിധിക്കായി പ്രത്യേകം അക്കൗണ്ട് തുറന്നിട്ടുള്ളതായി പറയുന്നു. എന്നാൽ പ്രസ്തുത അക്കൗണ്ടിൽ കാര്യമായ പണമിടപാടുകൾ ഒന്നും തൻവർഷം നടന്നിട്ടില്ല. സർക്കാർ ഉത്തരവുകളിലൂടെ നിഷ്കർഷിച്ചിരിക്കുന്ന ഫണ്ടുകൾ രൂപീകരിക്കുന്നതിലും അവയുടെ വിനിയോഗത്തിലും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 6,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വെറ്റിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | എസ് 00103/22 |
| പ്രോജക്ടിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ തുക | 1925000/- |
| ചെലവ് തുക | 625000/- (വികസന ഫണ്ട്) |
| ബിൽ നം./തീയതി | 210106520566006553098, തീയതി 5-11-21, 156250/-<br>21010652056600703882, തീയതി 26-11-21, 62500/-<br>21010652056600719579, തീയതി 29-11-21, 31250/-<br>21010652056600719574, തീയതി 29-11-21, 31250/-<br>21010652056601289075, തീയതി 10-03-22, 100000/-<br>2101065205660102954, തീയതി 25-01-22 56250/-<br>2101065205660124613, തീയതി 05-03-22, 187500/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ രണ്ടു മാസം മുതൽ ആറുമാസം പ്രായമായ കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുക എന്നതാണ് പ്രോജക്ട് ലക്ഷ്യം [ സ.ഉ (എം.എസ്) 22/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.2 ക്രമ നം. 6] കന്നുകുട്ടികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുവാനും പ്രോജക്ട് ലക്ഷ്യമിട്ടിരുന്നു. പ്രോജക്ട് ഫയലിൽ മേൽ പരാമർശിച്ച തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയതിന്റെ രേഖ മാത്രമാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്. ഇൻഷ്വറൻസ് സംബന്ധമായ രേഖകളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത വർഷങ്ങളിൽ തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം, പദ്ധതി

പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/28.01.23) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 625000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 അങ്കണവാടി - ഭൗതികസാഹചര്യം അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ 30 അങ്കണവാടികളാണുള്ളത്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/ തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2 ന്റെ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 14 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 13 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 6 |
| 5 | റോഡിന് സമീപത്ത് അല്ലാത്തവ | 3 |
| 6 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 15 |
| 7 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 15 |
| 8 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 16 |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 1003000 | സമഗ്രനെൽകൃഷി വികസനം | 1030000 | 0 |
| | | 0 | 24120 | വ്യക്തിഗത ഗാർഹിക ബയോകമ്പോസ്റ്റ് ബിൻ | 24120 | 0 |
| | | 0 | 399000 | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 399000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 0 | 75000 | അനുപൂരക പോഷകാഹാരം | 75000 | 0 |
| | | 0 | 336260 | ക്ഷീര സമൃദ്ധി-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-വനിത | 336260 | 0 |
| | | | 247749 | ക്ഷീര സമൃദ്ധി-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-ജനറൽ | 247749 | |
| | | 3283835 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 3283835 |
| ആകെ | | 3283835 | 2085129 | | 2085129 | 3283835 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 201894 | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 201894 | 0 |
| | | 0 | 400000 | ന്യൂ ലൈഫ് പദ്ധതി | 400000 | 0 |
| | | 0 | 298167 | ക്ഷീര സമൃദ്ധി-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-വനിത | 298167 | 0 |
| | | | 200000 | ക്ഷീര സമൃദ്ധി-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-ജനറൽ | 200000 | |
| | | 479764 | 0 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 0 | 479764 |
| ആകെ | | 1542720 | 1100061 | | 1100061 | 1542720 |

| | 2020-21 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP – 7, RP 30 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3283835 | 2085129 | 5368964 | 2085129 | 3283835 | 3220315 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1542720 | 1120061 | 2662781 | 1100061 | 1562720 | 1542720 |
| മുനിസിപ്പൽ കോർപ്പറേഷൻ | 0 | 1600000 | 1600000 | 0 | 1600000 | 1600000 |

നീക്കിയിരിപ്പിലെ വ്യത്യാസം പൊരുത്തപ്പെടുത്തേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2021-22 | | | | | |
| കേരള വാട്ടർ അതോറിറ്റി | 1947439 | 199/22 കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 361000* | - | 361000 | - | 3639292 |
| | | 217/22 എസ്.സി കോളനികളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കൽ – പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1330853 | - | 1330853 | - | |
| | | ആകെ | 1691853 | - | 1691853 | | |
| കെ.എസ്.ഇ.ബി | 137792 | 31/22 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 73296 | - | 220099 | - | 260800 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 124/22 സ്ട്രീറ്റ് ലെയിൻ നീട്ടൽ | 1156712 | | 1156712 | | |
| | | ആകെ | 1230008 ** | | 1230008 | - | |
| ഭൂജലവകുപ്പ് | 204500 | | | - | | - | 204500 |

* സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 199/22-കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയുടെ ഭാഗമായി 361000/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ വന്നിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

** സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 31/22-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 124/22-സ്ട്രീറ്റ്ലൈൻ നീട്ടൽ പദ്ധതികളുടെ ഭാഗമായി ആകെ 123008/- രൂപ കെ.എസ്.ഇ.ബിയ്ക്ക് അനുവദിച്ചിട്ടുള്ളതിന്റെ ചെലവ് വാർഷിക കണക്കിൽ RP-49 ഡെപ്പോസിറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്ത പ്രസ്തുത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | 151/2017 LSGD തീ. 31.07.17 | 12071765 | 680000 | 2376000 | 10375765 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|---|
| 1 | 2013-14 | 3-17 | 17500 | സതീശൻ.ബി, വിഇഒ, മഞ്ചു ഭവൻ, ഞാറക്കോണം വിള, കല്ലമ്പലം പി.ഒ, തിരുവനന്തപുരം | 1210105112/30.03.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-6 | 2017-18 | 1-1 | നിലവിൽ ഇല്ലാത്ത തസ്തികയിലും ലാബിലും ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും | തുക |
|---|---|---|---|
| 1 | 2013-14 | സതീശൻ.ബി, വിഇഒ, മഞ്ചു ഭവൻ, ഞാറക്കോണം വിള, കല്ലമ്പലം പി.ഒ, തിരുവനന്തപുരം | 17500 |
| 2 | 2013-14 | താഹിറാ ബീഗം, ഐസിഡിഎസ് സൂപ്പർവൈസർ, നിയാസ് മൻസിൽ, തോന്നയ്ക്കൽ.പി.ഒ, തിരുവനന്തപുരം 695317 | 17724 |

| | | | |
|---|---|---|---|
| 3 | 2018-19 | ഡോ.ദീപ രവി, ശ്രീവൽസം, എൻ.എൽ.ആർ.കെ/27, നീരാഴി ലൈൻ, ഉള്ളൂർ.പി.ഒ, തിരുവനന്തപുരം | 40000 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 32234946 |
| ഓഡിറ്റ് വർഷത്തെ വരവ് | 106893901 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 108523844 |
| നീക്കിയിരിപ്പ് | 30605003 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,25,000 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 6,25,000 | ഡോ. സി.ജെ. ജിജിഭായ്, വെറ്റിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സി.ജെ. ജിജിഭായ്, വെറ്റിനറി സർജൻ | - | ജോ ദീപ്തി, കരമം .പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ജി.പി.12/1947/2022 തീയതി 04.10.2022 | 1 (3.19) |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജി.പി.12/1947/2022 തീയതി 04.10.2022 | 3 (3.10, 3.11, 3.14) |
| 2009-10 & 2010-11 | കെ.എസ്.എ.റ്റി.വി.എം./ജി.പി.12/1947/2022 തീയതി 04.10.2022 | 5 (3.3, 3.6, 3.9, 3.12, 3.13) |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.12/1947/2022 തീയതി 04.10.2022 | 1 (3.1) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.12/1947/2022 തീയതി 04.10.2022 | 5 (3.1, 3.5, 3.6, 3.12, 3.13) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.12/1947/2022 തീയതി 04.10.2022 | 6 (3.2, 3.10, 3.14, 3.15, |

| | | |
|---|---|---|
| | | 3.17, 3.22) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.12/1947/2022 തീയതി 04.10.2022 | 4<br>(3.3, 3.4, 3.7, 3.8) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.12/1947/2022 തീയതി 04.10.2022 | 2<br>(3.2, 3.4.3) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.12/1947/2022 തീയതി 04.10.2022 | 12<br>(3.1, 3.6, 3.8, 3.15, 3.16, 3.17, 3.18, 3.20, 3.21, 3.22, 3.26, 3.27) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/605/2019 തീയതി 28.10.2022 | 21 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/435/2020 തീയതി 18.02.2022 | 24 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/313/2022 തീയതി 09.03.2022 | 16 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/1031/2022 തീയതി 30.06.2022 | 19 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ .ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്